പാലക്കാട്—പൊള്ളാച്ചി അന്തർ—സംസ്ഥാന ട്രിപ്പുകളും റദ്ദ് ചെയ്തശേഷമാണ് കോയമ്പത്തൂർ റൂട്ടിൽ ഓടിച്ചെതെന്നും അതുകൊണ്ട് അനധികൃതമായി ഒന്നും നടന്നിട്ടില്ലെന്നും കെ. എസ്. ആർ. ടി. സി. പറയുന്നുണ്ടെങ്കിലും തമിഴ്നാട് അധികൃതർ അത് അംഗീകരിച്ചിട്ടില്ല. പ്രതിദിനം രണ്ടായിരം രൂപ വരുമാനമുള്ള ബസ് മുടങ്ങിയതുകാരണം ഇതുവരെ കെ. എസ്. ആർ. ടി. സി. ക്കുണ്ടായ നഷ്ടം ഭീമമാണ്. ഇതിനുത്തരവാദികളായവരുടെ പേരിൽ നടപടികളും സ്വീകരിക്കണമെന്നും കസ്റ്റഡിയിൽ കഴിയുന്ന ബസ്സിനെ ഉടനെ ജാമ്യത്തിൽ ഇറക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, കഴിഞ്ഞ 17—ാം തീയതി ഞാൻ മദ്രാസിലെത്തി അവിടത്തെ ട്രാൻസ്പോർട്ട് മിനിസ്റ്റർ ശ്രീ. മുത്തുസ്വാമിയുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ 17—ാം തീയതിതന്നെ വണ്ടി വിട്ടുകിട്ടിയിട്ടുണ്ട്, ഇപ്പോൾ പ്രശ്നമൊന്നുമില്ല.

(14) ചെല്ലഞ്ചി പാലം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, കല്ലറ—നന്ദിയോട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചെല്ലഞ്ചി പാലത്തിന്റെ പണി ഉടൻ ആരംഭിക്കണമെന്നാണ് എനിക്ക് മന്ത്രിയോട് പറയാനുള്ളത്. ഈ പാലത്തിന്റെ ആവശ്യം ഉന്നയിച്ചിട്ട് ഇരുപതിലേറെ വർഷമായി. 1978—ൽ ഗവൺമെന്റ് ഇതിന്റെ എസ്റ്റിമേറ്റ് അംഗീകരിച്ചു. എസ്റ്റിമേറ്റ് അംഗീകരിച്ചിട്ട് ഇത്രയും നാളായെങ്കിലും ആ എസ്റ്റിമേറ്റ് ഡിസൈനിൽ പോകാനോ ടെൻഡർ പരിപാടികളും നടത്തുന്നതിനോ ഉള്ള ശ്രമങ്ങളും ആരംഭിച്ചിട്ടില്ല. അതിന്റെ പേപ്പറുകളും ചുവപ്പുനാടയിൽ കുരുങ്ങിക്കിടക്കുകയാണ്. ഈ പാലം പണിയണമെന്നുള്ള ആവശ്യം വളരെ പ്രധാനപ്പെട്ടതാണ്. പൊൻമുടി, നന്ദിയോട്, നെടുമങ്ങാട് ഈ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്നതാണ് ഇത്. തിരുവനന്തപുരം ജില്ലയിലെ മലഞ്ചരക്കുവ്യാപാരകേന്ദ്രമാണ് നെടുമങ്ങാട് താലൂക്ക്. ആ മലഞ്ചരക്കു—വ്യാപാര കേന്ദ്രങ്ങളുടെ കേന്ദ്രമാണ് കല്ലറ. ഈ കല്ലറയുമായി ബന്ധിപ്പിക്കാൻ ഈ പാലം പണിതെങ്കിലേ മതിയാകൂ. അടിയന്തിരമായി ഈ പാലം പണിയാനുള്ള നടപടികളും സ്വീകരിക്കണം. ഒന്നിലധികം തവണ ഈ നിയമസഭയിൽ അതെന്ന ഉന്നയിച്ചതാണ്. ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രി ഈ കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കണം. ഈ പാലം അടിയന്തിരമായി പണിയുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പാലത്തിന്റെ എസ്റ്റിമേറ്റ് പത്തു കൊല്ലം മുമ്പു തയ്യാറാക്കി എന്നു പറഞ്ഞത് ശരിയല്ല. ഇതുവരെയും എസ്റ്റിമേറ്റ് ഉണ്ടാക്കിയിട്ടില്ല. ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞിട്ടുള്ളൂ. അതിന്റെ അലൈൻമെന്റിന് അംഗീകാരം നൽകി കഴിഞ്ഞിട്ടുണ്ട്. ഇനി മണ്ണുപരിശോധനകൂടി കഴിഞ്ഞതിനുശേഷമേ എസ്റ്റിമേറ്റ് ഉണ്ടാക്കുകയുള്ളൂ. അതിനുശേഷം ബാക്കിയുള്ള കാര്യങ്ങളും പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly